പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 2538

12.03.2020 -ലെ മറുപടിയ്ക്ക്

## തൊഴിൽ നിയമങ്ങളിലെ ഭേദഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി ഈ സർക്കാർ നിലവിൽ വന്നശേഷം ഏതെങ്കിലും നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി കൊണ്ടുവന്നിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ)ഉണ്ട്. മിനിമം വേതന നിയമപ്രകാരം ക്ലെയിം അതോറിറ്റിയായി ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ നിയമിച്ചുകൊണ്ടും നിലവിലെ നിയമപ്രകാരമുള്ള പിഴ തുക വർദ്ധിപ്പിച്ചുകൊണ്ടും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പിഴ തുക 500/- രൂപയിൽ നിന്ന് ഒരുലക്ഷം രൂപയാക്കി ഉയർത്തി. കൂടാതെ ടി വിജ്ഞാപന പ്രകാരം ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർക്ക് റവന്യൂ റിക്കവറി നടത്തുന്നതിനുള്ള അധികാരം കൂടി നൽകി. സെയിൽസ് പ്രൊമോഷൻ എംപ്ലോയീസിന്റെ ജോലി സമയം രാവിലെ 8.30 നും വൈകിട്ട് 7.00 മണിക്കും ഇടയ്ക്ക് 8 മണിക്കൂറാക്കികൊണ്ട് ഉത്തരവായിട്ടുണ്ട്.<br><br>2018 ലെ കേരള ഷോപ്പ് & കോമേഴ്ല്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമഭേദഗതി വകുപ്പ് 21(ബി) പ്രകാരം തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം ഏർപ്പെടുത്തി നൽകിയിട്ടുണ്ട്. 2018-ലെ കേരള ഷോപ്പ് & കോമേഴ്ല്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ ഭേദഗതി സെക്ഷൻ 20(ii) പ്രകാരം തൊഴിലുടമയ്ക്ക് സ്ത്രീ തൊഴിലാളികളെ രാത്രി 9.00 മണിക്കും രാവിലെ 6.00 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടുകൂടി ജോലിക്ക് നിയോഗിക്കുന്നതിന് അനുമതി നൽകുന്നു. ജോലി സ്ഥലത്ത് സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും അവരുടെ അന്തസും സുരക്ഷയും സംരക്ഷിക്കുന്നതിനുമായി തൊഴിലുടമ ഏർപ്പെടുത്തി നൽകേണ്ട സൗകര്യങ്ങളും ടി നിയമഭേദഗതി വ്യവസ്ഥ ചെയ്യുന്നു. വകുപ്പ് 29 പ്രകാരം കേരള ഷോപ്പ് & കോമെഴ്ല്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ പ്രകാരമുള്ള പിഴ ശിക്ഷ വകുപ്പ് 29(b), (c) പ്രകാരം യഥാക്രമം ഒരു ലക്ഷം രൂപ, 2 ലക്ഷം രൂപ എന്നിങ്ങനെ വർദ്ധിപ്പിച്ചിട്ടുണ്ട്. |

ബോണ്ടഡ് ലേബർ നിയമം വകുപ്പ് 21 പ്രകാരം മജിസ്ട്രേറ്റിന് ഉണ്ടായിരുന്ന അധികാരം എല്ലാ ജില്ലകളിലെയും ജില്ലാ കളക്ടർമാർക്ക് കൂടി നൽകികൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 1947-ലെ വ്യവസായ തർക്ക നിയമത്തിന് 2017-ൽ സംസ്ഥാന സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ട്. ടി ഭേദഗതി പ്രകാരം വകുപ്പ് 2 (s)ൽ ക്ലറിക്കൽ അല്ലെങ്കിൽ സൂപ്പർവൈസർ തസ്തിക എന്നതിന്റെ കൂടെ 'any work for the promotion of sales' എന്നതുകൂടെ കൂട്ടിച്ചേർത്തിട്ടുണ്ട്.

1957-ലെ കേരള ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് റൂൾസിലെ റൂൾ 26 എ-യിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ടി ഭേദഗതി അനുസരിച്ച് 1947-ലെ വ്യവസായ തർക്ക നിയമപ്രകാരം സർക്കാരിലേയ്ക്ക് റിപ്പോർട്ടുകളോ അവാർഡുകളോ തപാൽ മുഖേനയോ ഇ-മെയിൽ മുഖേനയോ അയയ്ക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. 2017 ലെ പ്രസവാനുകൂല്യ ഭേദഗതി നിയമ പ്രകാരം പ്രസവകാല അവധി 12 ആഴ്ച്ച എന്നത് 26 ആഴ്ച്ച ആക്കിയിട്ടുണ്ട്. ഇത് പൊതുമേഖല/സ്വകാര്യ സ്ഥാപനങ്ങളിലും ബാധകമാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിയമം അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്കും ബാധകമാക്കുന്നതിന് കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

ബി) തൊഴിൽ നിയമങ്ങളെക്കുറിച്ച് തൊഴിലാളികൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകുന്നതിനായി തൊഴിൽ വകുപ്പ് നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

ബി) തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ നടത്തുന്ന സ്ഥാപന പരിശോധന വേളകളിൽ വിവിധ തൊഴിൽ നിയമങ്ങളെക്കുറിച്ചുള്ള അവബോധം തൊഴിലാളികൾക്ക് നൽകാറുണ്ട്. കൂടാതെ തൊഴിൽ ക്ഷേമരംഗം എന്ന പേരിൽ ഒരു മാസിക തൊഴിൽ വകുപ്പ് പ്രസിദ്ധീകരിക്കുന്നുണ്ട്. തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ് വിവിധ തൊഴിൽ നിയമങ്ങൾ ലളിതമായി വിശദീകരിക്കുന്ന കൈപ്പുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്തു വരുന്നുണ്ട്. കൂടാതെ വിവിധ തൊഴിൽ നിയമങ്ങൾ സംബന്ധിച്ച് തൊഴിലാളികൾക്കും, തൊഴിലാളിസംഘടനാ പ്രവർത്തകർക്കായി പഠന ക്ലാസ്സുകളും ശിൽപശാലകളും KILE മുഖേന സംഘടിപ്പിച്ച് വരുന്നുണ്ട്. ആയതിൽ വിവിധ തൊഴിൽ നിയമങ്ങളെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികൾ സംബന്ധിച്ച് വിശദീകരിക്കുന്ന ലഘുലേഖകൾ

തൊഴിൽ വകുപ്പ് വിതരണം ചെയ്തു വരുന്നുണ്ട്.

| | |
|---|---|
| സി)സ്ത്രീ തൊഴിലാളികൾക്ക് രാത്രികാലങ്ങളിൽ തൊഴിൽ ചെയ്യുന്നതിന് അവസരം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി നിലവിലുള്ള ഏതൊക്കെ നിയമങ്ങളിലാണ് ഭേദഗതി കൊണ്ടുവരുന്നതെന്ന് വ്യക്തമാക്കാമോ? | സി) ഉണ്ട്.<br>കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2018-ൽ വന്ന ഭേദഗതിയിൽ സെക്ഷൻ 20 (ii) പ്രകാരം സ്ത്രീ തൊഴിലാളികളെ രാത്രി 9.00 മണി മുതൽ രാവിലെ 6.00 മണിവരെയുള്ള സമയത്ത് അവരുടെ സമ്മതത്തോടുകൂടി ജോലിയ്ക്ക് നിയോഗിക്കാവുന്നതാണ്. അപ്രകാരം ജോലിചെയ്യിക്കുന്ന പക്ഷം അഞ്ച് ജീവനക്കാരെങ്കിലും ഉള്ള ഗ്രൂപ്പായും ആയതിൽ കുറഞ്ഞത് രണ്ട് സ്ത്രീകളെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്. ജോലി സ്ഥലം മുതൽ താമസ സ്ഥലം വരെയുള്ള യാത്രാ സൗകര്യവും തൊഴിലാളികളുടെ സുരക്ഷയും തൊഴിലുടമ ഉറപ്പുവരുത്തേണ്ടതാണ്. |

Anishan

**സെക്ഷൻ ഓഫീസർ**